


# സ്വാസ്ഥ്യം

ഡിസംബർ 2010

website : www.ira.org.in

ഇന്ത്യൻ റെയ്കി അസോസിയേഷൻ ബുള്ളറ്റിൻ

വോള്യം 1 ലക്കം 12


ആമുഖക്കുറിപ്പ്

## "അയ്യപ്പൻ നിന്റകത്ത് ഓം സ്വാമി നിന്റകത്ത് ഓം"

എരുമേലി പേട്ട തുള്ളുന്ന ശബരിമല തീർത്ഥാടകർ താളാത്മകമായി ചൊല്ലി നൃത്തംവെക്കാറുള്ള "അയ്യപ്പൻ തിന്തകത്തോം" "സ്വാമി തിന്തകത്തോം" എന്ന ഗ്രാമ്യശീലിന്റെ ഭാഷാരൂപമാണ് തലവാചകത്തിൽ ചേർത്തത്. നിന്റെ ഉള്ളിൽ പ്രണവസ്വരൂപനായ അയ്യപ്പനാണെന്ന് ഒരാൾ പറയുമ്പോൾ അതിനു പ്രത്യുത്തരമായി നിന്റെ ഉള്ളിൽ പ്രണവസ്വരൂപനായ സ്വാമിയാണെന്ന് മറ്റേ ആൾ പറയുന്നു. സർവ്വചരാചരങ്ങളെയും അയ്യപ്പനായി കാണാൻ പ്രേരിപ്പിക്കുന്ന നിരവധി ചടങ്ങുകൾ ചേർന്നതാണ് ശബരിമല തീർത്ഥാടനം.

"അഞ്ചി"ന്റെയും "അപ്പ"നാവുക എന്ന ആഹ്വാനമാണ് ഈ തീർത്ഥാടനത്തിന്റെത്. അഞ്ച് കർമ്മേന്ദ്രിയങ്ങളുടെയും (കയ്യ്, കാല്, ജനനേന്ദ്രിയം, വിസർജ്ജനേന്ദ്രിയം, വാഗിന്ദ്രിയം), അഞ്ച് ജ്ഞാനേന്ദ്രിയങ്ങളുടെയും (കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി) മേൽ നിയന്ത്രണവും അധീശത്വവും പുലർത്തുന്നവനാണ് "അയ്യപ്പൻ" അഥവാ "സ്വാമി". ഇന്ദ്രിയങ്ങളെ വരുതിയിൽ ശാസിച്ച് ഒതുക്കിനിർത്തുന്നവനാണ് ധർമ്മശാസ്താവ്. ഈ തന്നിലെത്തന്നെ അയ്യപ്പനെ അഥവാ സ്വാമിയെയാണ് ആശ്രയിക്കേണ്ടതെന്ന സന്ദേശവും ശബരിമല തീർത്ഥാടനം ഉൾക്കൊള്ളുന്നു. സ്വാശ്രയത്വത്തിന് ഇതിലും മികച്ച ഒരു മാതൃക വേറെയില്ല.

"കല്ലുംമുള്ളും കാലുക്ക് മെത്തൈ" എന്ന് മലകയറുമ്പോൾ ഭക്തന്മാർ നടത്താറുള്ള ചൊല്ലുവിളിയും അർത്ഥഗർഭമത്രെ. കല്ലുംമുള്ളും ഇല്ലാത്ത കാനനപാത ഒരുക്കിത്തരുവാനല്ല ഭക്തന്റെ പ്രാർത്ഥന. കല്ലും മുള്ളും ചവിട്ടുമ്പോൾ തനിക്ക് മെത്തയിൽ ചവിട്ടുന്ന സുഖമാണ് ലഭിക്കുന്നത് എന്ന ധാരണയാണ് ഭക്തൻ സ്വയം സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. ഇതിനെ ഏതുവിധേന നോക്കിയാലും മികച്ച വ്യക്തിസൃഷ്ടിയും സമൂഹസൃഷ്ടിയും സാധിക്കാൻ ഉതകുന്ന ആചാരാനുഷ്ഠാനങ്ങളാണ് ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായുള്ളത്. അതെല്ലാം വക്രിപ്പിച്ചും വികലമാക്കിയും ആചരിക്കപ്പെടുന്നത് കഷ്ടംതന്നെ.

### ഡിസംബർ മാസത്തെ ക്ലാസ്സുകൾ

Ist ലെവൽ ക്ലാസ് - 12-12-2010 - ഞായർ - അളകാപുരി

IInd ലെവൽ ക്ലാസ് - 19-12-2010 - ഞായർ - അളകാപുരി

III A ദീക്ഷ ആവശ്യമുള്ളവർ പേർ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ക്ലാസിന്റെ ദിവസം നിശ്ചയിക്കുന്നതാണ്.

### ജനുവരി മാസത്തെ പ്രതിമാസയോഗം

ജനുവരി മാസത്തെ പ്രതിമാസ 'മുദ്രാറെയ്കി' ഉപാസകസംഗമം 02-01-2011 ഞായറാഴ്ച വൈകുന്നേരം 3.30ന് **മാനാഞ്ചിറ സ്പോർട്സ് കൗൺസിൽ ഹാളിൽ** ചേരുന്നതാണ്.

## ഗിരീഷ്ജി പറഞ്ഞത്

'സ്വന്തം അടിസ്ഥാന പ്രവണത അറിഞ്ഞ് അതിനനുസരിച്ച് വേണം പ്രവർത്തിക്കുവാൻ. താൽക്കാലിക സാഹചര്യങ്ങൾ എന്ത് തോന്നിച്ചാലും അടിസ്ഥാന പ്രവണത വിസ്മരിച്ചുകൂടാ.' 'അടിസ്ഥാന പ്രവണത തിരിച്ചറിയാൻ ഉപാസന കൊണ്ടേ സാദ്ധ്യമാവൂ. ഉപാസന എന്നാൽ കൂടെയിരിക്കൽ എന്നാണർത്ഥം. സ്വന്തം മനസ്സിന്റെയും മനസ്സാക്ഷിയുടെയും കൂടെ ദിവസേന കുറച്ചു സമയമെങ്കിലും പതിവായി ഇരിക്കുക. വിഷമകരമായി തുടക്കത്തിൽ തോന്നുമെങ്കിലും വേറെ വഴിയില്ല. ക്രമേണ നമുക്ക് യഥാർത്ഥത്തിലുള്ള നമ്മളെ തിരിച്ചറിയുവാനാവും'.'ഭഗവത് ഗീത നിത്യ ജീവിതത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയായിരുന്നു ഗിരീഷ്ജി.

നിഷ്കപടത മഹത്വത്തിലേക്കെത്തിക്കുമെന്ന്, കള്ളനായിരുന്ന രത്നാകരൻ വാല്മീകി മഹർഷിയായിത്തീർന്ന കഥയിലൂടെ അദ്ദേഹം സമർഥിച്ചു. വാക്കും പ്രവർത്തിയും തമ്മിൽ യോജിപ്പ് വേണമെന്ന് ശ്രീകൃഷ്ണന്റെ ജീവിത സന്ദർഭങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഗിരീഷ്ജി പറഞ്ഞു. വൃന്ദാവനത്തിലെ പ്രിയപ്പെട്ടവരെയും മനോഹരമായ ചുറ്റുപാടും സുഖകരമായ ജീവിതവും ഉപേക്ഷിച്ച് സ്വന്തം കർത്തവ്യം നിറവേറ്റാൻ കംസൻ വാഴുന്ന മഥുരയിലേക്ക് അക്രൂരനോടൊപ്പം പോയ കൃഷ്ണനാണ് 'സ്വധർമ്മേ നിധനം ശ്രേയ:പരധർമ്മോ ഭയാവഹ' എന്ന് അർജ്ജുനനോട് ഉപദേശിച്ചത്-അദ്ദേഹം പറഞ്ഞു.

മറ്റുള്ളവർക്കായി അവസരങ്ങൾ നൽകണമെന്നും ജരാസന്ധന്റെ കഥയിലൂടെ ഗിരീഷ്ജി ഉപദേശിച്ചു. ജരാസന്ധനെ വധിക്കാൻ 18 തവണ അവസരം കിട്ടിയിട്ടും കൃഷ്ണൻ ആ ദൗത്യം ഭീമസേനനുവേണ്ടി മാറ്റിവെക്കുകയായിരുന്നു.

മറ്റുള്ളവർ എന്തു ധരിച്ചേക്കാം എന്നു വിചാരിച്ച് ആപദ്ധർമ്മം അനുഷ്ഠിക്കാതിരുന്നുകൂടാ എന്നതിന് ദീപാവലിയുടെ ഐതിഹ്യകഥയാണ് ഗിരീഷ്ജി വിശദീകരിച്ചത്. നരകാസുരനെ വധിച്ച് തടവറയിൽ കഴിഞ്ഞിരുന്ന 16000 സ്ത്രീകളെ മോചിപ്പിച്ച കൃഷ്ണന്റെ മുന്നിൽ, സമൂഹം പതിതകളെന്ന് മുദ്രകുത്തിയേക്കാവുന്ന ഈ സ്ത്രീകളെ എന്തുചെയ്യും എന്നത് ഒരു പ്രശ്നമേ ആയില്ല. അദ്ദേഹം അവരെ തന്റെ പത്നിമാരാക്കുകയായിരുന്നു. തന്റെ പ്രതിഛായയെക്കാൾ കൃഷ്ണൻ ആ സ്ത്രീകളുടെ പ്രതിഛായക്കും സുരക്ഷിതത്വത്തിനുമാണ് പ്രാധാന്യം കല്പിച്ചത്.

ഇന്ത്യൻ റെയ്ക്കി അസോസിയേഷന്റെ 11 ാം വാർഷികാഘോഷ വേദിയിൽ, 'റൈകിഋഷി പുരസ്കാര' സമർപ്പണം നിർവ്വഹിച്ച ശേഷം സംസാരിക്കുകയായിരുന്നു ഐ.ആർ.എ. രക്ഷാധികാരിയും, ഇരിങ്ങാലക്കുട 'ശ്രീപുരം' തന്ത്രിക ഗവേഷണ കേന്ദ്രം ചെയർമാനുമായ എൽ. ഗിരീഷ്കുമാർ.

## പാഥേയം - 12

# ഈശ്വരന്റെ ചരമദിനം



ആധുനിക ശാസ്ത്രത്തിന് ഒരിക്കലും ഈശ്വരനുണ്ട് എന്ന് തെളിയിക്കുവാനാവില്ല. എന്തിനെക്കുറിച്ച് പഠിക്കുകയാണെങ്കിലും, ശാസ്ത്രം അതിനെ നിർവ്വചിക്കും. നിർവ്വചനത്തിനതീതമായ ഒന്നിനെയും ശാസ്ത്രം അംഗീകരിക്കുകയില്ല. നിർവ്വചിക്കപ്പെട്ടത് ഏതെങ്കിലും തരത്തിൽ അളക്കാൻ സാധിക്കുന്നതും ആയിരിക്കണം. അളന്ന് നിർവ്വചിച്ചതിനെ കേന്ദ്രീകരിച്ച് പ്രവചനങ്ങൾ നടത്തുകയും നടത്തിയ പ്രവചനങ്ങൾ വീണ്ടും വീണ്ടും തെളിയിക്കുകയും വേണം. ശാസ്ത്രസത്യങ്ങൾക്ക് നിലനിൽക്കുവാൻ. ബ്ലാക്ക് ബോഡി റാഡിയേഷൻ വിശദീകരിക്കാൻ സാധിക്കാഞ്ഞതാണ് ന്യൂട്ടോണിയൻ ക്ലാസിക്കൽ ഫിസിക്സിന്റെ തകർച്ചക്കും, ക്വാണ്ടം മെക്കാനിക്സിന്റെ ഉത്ഭവത്തിനും കാരണമായത്.

ഭാരതീയ മഹർഷീശ്വരന്മാർ അനുഭവിച്ചറിഞ്ഞ ഈശ്വരനാകട്ടെ, അനിർവ്വചനീയനും അനന്തനും പ്രവചനാതീതനുമാണ്. ചെയ്യാനും ചെയ്യാതിരിക്കാനും ചെയ്തതിനെ മാറ്റി ചെയ്യാനും അധികാരവും സ്വാതന്ത്ര്യവുമുള്ള ഈശ്വരൻ ഇന്നതുപോലെ പെരുമാറണമെന്നും, ഇന്നതുപോലെ മാത്രമേ പെരുമാറാൻ പാടുള്ളു എന്നും പറയുന്നത് ബാലിശമാണ്. അതിനാൽ എന്ന് ആധുനിക ശാസ്ത്രം ഈശ്വരനുണ്ട് എന്ന് തെളിയിക്കുന്നുവോ അന്ന് ഈശ്വരന്റെ ചരമദിനമായിരിക്കും.

ഭാരതീയ സംസ്ക്കാരത്തിന്റെ സാധുതക്ക് വിവിധ ശാസ്ത്ര സിദ്ധാന്തങ്ങളുടെ പിൻതുണ വേണമെന്ന് ശഠിക്കുന്നത് അപകർഷതാബോധം മൂലമാവാനേ തരമുള്ളു. പ്രചോദിതബുദ്ധിയിൽ തെളിഞ്ഞ സത്യങ്ങൾക്ക് വിരുദ്ധമായി യാതൊന്നും ഉണ്ടാവാൻ തരമില്ല. ഈ ലേഖകൻ അടക്കമുള്ളവർ ആധുനിക ശാസ്ത്രത്തിന്റെ കൂട്ടുപിടിച്ച് ഭാരതീയസംസ്കാരത്തെ വിശദീകരിക്കുന്നത്, അനുവാചകർ ഏതുതരത്തിലെങ്കിലും ഈ മഹത്തായ സംസ്ക്കാരത്തിലേക്ക് ശ്രദ്ധ പതിപ്പിക്കണം എന്ന ഉദ്ദേശ്യത്തിലാണ്

**എൽ. ഗിരീഷ്കുമാർ**
ചെയർമാൻ
'ശ്രീപുരം' താന്ത്രികഗവേഷണകേന്ദ്രം
ഇരിങ്ങാലക്കുട

# അറിയാമറയത്തുനിന്ന്

പ്രപഞ്ചത്തിലെ മൊത്തം ഊർജ്ജത്തിന്റെ വെറും 5 ശതമാനം മാത്രമേ മനുഷ്യന്റെ അറിവിന്റെ പരിധിയിൽ വന്നിട്ടുള്ളു. ശേഷിച്ച 30 ശതമാനം ദ്രവ്യവും 65 ശതമാനം ഊർജ്ജവും നിലവിലുള്ള ശാസ്ത്രീയ രീതികൾ കൊണ്ട് അളക്കാനോ അറിയാനോ കഴിയാത്ത നിലയിൽ മറയത്താണുള്ളത്. അണുഘടകങ്ങൾ വേറിട്ടുള്ള അവസ്ഥയിൽ ഊർജ്ജവും ദ്രവ്യവും വേറെയായി സങ്കല്പിക്കാനാവില്ല. 'എ-ഡ്യുവാലിറ്റി'എന്നാണ് ഈ അവസ്ഥ വിവക്ഷിക്കപ്പെടുന്നത്.

മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (മ്യൂണിക്ക്) എമിറേറ്റ്സ് പ്രസിഡണ്ട് ഹാൻസ് പീററർ ഡ്യുറർ ആണ് 'എ-ഡ്യുവാലിറ്റി' എന്ന പേരിന്റെ ഉപജ്ഞാതാവെങ്കിലും അദ്ദേഹം പറയുന്നത് ദ്രവ്യമോ ഊർജ്ജമോ എന്ന് വേർതിരിച്ച് സങ്കല്പിക്കാൻ കഴിയാത്ത ഈ അവസ്ഥയെ 'അദ്വൈതം' എന്നുവിളിക്കുന്നതാവും ഉചിതമെന്നാണ്. ഈ തലത്തിൽ ഊർജ്ജതന്ത്രത്തിന്റെ മിക്ക നിയമങ്ങളും വെറും കണക്കിന്റെ ചെപ്പടിവിദ്യകൾ മാത്രം.

അജ്ഞാത തലത്തിലെ ഈ 95 ശതമാനത്തോളം വരുന്ന ഊർജ്ജത്തെ പ്രപഞ്ചത്തിലേക്ക് ആവാഹിച്ചെത്തിച്ച് നടത്തുന്ന പല ആശ്വാസ-ശമനരീതികളിൽ ഒന്നാണ് റെയ്ക്കി.

കാറ്റിനെ ആരാണ് കണ്ടിട്ടുള്ളത്! വൃക്ഷങ്ങൾ ചാഞ്ഞും ചരിഞ്ഞും ആടുമ്പോൾ കാറ്റിനെ നാം അറിയുന്നു. ദൈവത്തെ കണ്ടിട്ടുള്ളവർ ആരുണ്ട്? നിസ്സഹായാവസ്ഥയിൽ ദൈവത്തിന്റെ സാനിദ്ധ്യം നമ്മളറിയുന്നു. (നവീന സാങ്കേതിക വിദ്യകൾ എല്ലാം കൂടി രക്ഷിച്ചതിലേറെ ജീവൻ ദൈവസങ്കൽപ്പം രക്ഷിച്ചിട്ടുണ്ട്.) അതുപോലെ അറിയാമറയത്തെ ഊർജ്ജ പ്രതിഭാസവും അനുഭവിച്ചറിയുവാനേ കഴിയൂ.

(പ്രഫ. ബി.എം. ഹെഗ്ഡെയുടെ ലേഖനത്തിൽ നിന്ന്- ഭവൻസ് ജേർണൽ : 2009മെയ് 31)

# പുറത്തുണ്ടാവണം

സി. എം. കൃഷ്ണനുണ്ണി

കുടത്തിന്റെ അകത്തും പുറത്തുമുള്ള വായു ഒന്നു തന്നെ. കുടമായിരൂപം പ്രാപിച്ച മണ്ണും പുറമെയുള്ള മണ്ണും മണ്ണുതന്നെ. കുടത്തിലെ വെള്ളവും പുറമെയുള്ള വെള്ളവും ഒരേ വെള്ളം തന്നെ. അകവും പുറവുമായി യഥാർത്ഥത്തിൽ യാതൊരു ഭേദവുമില്ല. പുറത്തുള്ളതിൽ നിന്നേ അകത്തേക്ക് ലഭിക്കൂ. അകത്ത് എന്തുആവേണമോ അത് ധാരാളമായി പുറത്ത് ഉായിരിക്കണം.

അരി നമ്മുടെ നിത്യോപയോഗ വസ്തുവാണല്ലോ. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന അരി കൊുമാത്രം നമ്മുടെ ഭക്ഷണാവശ്യം നിറവേറ്റുവാനാവില്ല. ആന്ധ്രയിൽനിന്നും മറ്റുമാണ് നമുക്ക് ആവശ്യമായ അരി ലഭിക്കുന്നത്. നമ്മളാരും ആന്ധ്രയിൽ നേരിട്ടുപോയി അരി കൊുവരുന്നില്ല. തൊട്ടടുത്തുള്ള പലവ്യഞ്ജനക്കടയിൽ പോയി അരി വാങ്ങുകയാണല്ലോ ചെയ്യാറുള്ളത്. ആ കടക്കാരന് ലാഭത്തോടെ കച്ചവടം നടത്താൻ അവസരവും ആരോഗ്യവും സമാധാന ജീവിത സാഹചര്യവുമുായാൽ മാത്രമേ അയാളുടെ കടയിൽ നിന്ന് അരി ലഭിക്കൂ. ആന്ധ്രയിലെ കൃഷിക്കാരനും കൃഷി ലാഭകരമാവുകയും സമാധാനപൂർണ്ണമായ ജീവിതം സാദ്ധ്യമാവുകയും വേണം. ഇല്ലെങ്കിൽ അവിടുന്നുള്ള അരിയുടെ വരവ് കുറയും. ഇങ്ങിനെ നമ്മുടെ ഓരോ ആവശ്യങ്ങളെയും എടുത്തു പരിശോധിച്ചാൽ സ്വന്തം ആവശ്യങ്ങൾ നിറവേറണമെങ്കിൽ പുറം ലോകത്തിൽ സുഖവും സമാധാനവും ശാന്തിയും അഭിവൃദ്ധിയും ധാരാളമായി ഉാവണമെന്നു കാണാം. ഈ തിരിച്ചറിവാണ് " ലോകാഃ സമസ്താഃ സുഖിനോ ഭവന്തു" എന്ന പ്രാർത്ഥനയുടെ കാതൽ.

എല്ലാം വില കുറഞ്ഞ് കിട്ടണമെന്ന മോഹം സർവ്വ തുറകളിലും നിലവാരത്തകർച്ച ഉാക്കിക്കൊിരിക്കുന്നത് നാം മനസ്സിലാക്കണം. വിലയും ഗുണവും കുറഞ്ഞ ചൈനീസ് ഉൽപ്പന്നങ്ങൾ പ്രശസ്ത "ബ്രാന്റ് നെയി"മുള്ള ഉപകരണങ്ങൾക്കുള്ളിൽ പോലും സ്ഥാനം പിടിച്ചിരിക്കുന്നു. വില കുറച്ച് ലാഭം വർദ്ധിപ്പിക്കുവാനുള്ള കമ്പോള മത്സരത്തിനിടയിൽ ഗുണം കുറഞ്ഞവ നമുക്കു ലഭിക്കുന്നതോടൊപ്പം നാം അറിയാതെ അധികച്ചെലവുകളുടെ കയത്തിൽ വീഴുകകൂടിയാണ്. വില കറഞ്ഞതും ഗുണം കുറഞ്ഞതുമായ ലോകത്തിൽ നമ്മുടെ അദ്ധ്വാനവും വരുമാനവും പാഴായിപ്പോവുകയാണ്.

ഈ അവസ്ഥക്കുള്ള ഏക പരിഹാരം ഗുണമേന്മ ആവശ്യപ്പെടുന്ന പ്രയത്നവും മൂല്യവും നൽകുവാൻ തയ്യാറാവുകയാണ്. ഗുണമേന്മ മുൻനിർത്തിയുള്ള പ്രയത്നത്തെയും മൂല്യ വിനിയോഗത്തെയും പരിശുദ്ധ കർമ്മം എന്നു വിവക്ഷിക്കാം. വിശാല താൽപ്പര്യത്തോടെ നിർവ്വഹിക്കുന്ന പരിശുദ്ധ കർമ്മങ്ങളാണ് യജ്ഞങ്ങൾ." ജഗത് യജ്ഞേന തൃപ്യതു" എന്ന പ്രാർത്ഥനയുടെ പൊരുൾ ഇതാണ്. ശിവൻ മുതൽ ഭൂമി വരെയും, ബ്രഹ്മം മുതൽ ജഡവസ്തു വരെയുമുള്ള, കാലം അഗ്നി എന്നിവയാൽ പരിണമിച്ച് ശിവത്വത്തിലേക്ക് മടങ്ങുന്ന, സർവ്വ ചരാചരങ്ങൾക്കും(ജഗത്തിന്) യജ്ഞരൂപേണയുള്ള എന്റെ പ്രവർത്തനങ്ങളാൽ തൃപ്തിയുാകട്ടെ, എന്നാണ് നമ്മുടെ പ്രാർത്ഥന.

ഈ പ്രാർത്ഥനാ പ്രവർത്തനത്തിനുള്ള അവസരമാണ് "ഐ. ആർ. എ. റെയ്ക്കി ബോക്സി" ലൂടെയും "ഹീലിങ്ങ് ഇന്ത്യ" പരിപാടിയിലൂടെയും 11-ാം വാർഷിക ദിനത്തിൽ, ഇന്ത്യൻ റെയ്ക്കി അസോസിയേഷൻ, വെബ്ബ് സൈറ്റ് മുഖേന ഒരുക്കിയിരിക്കുന്നത്.

ലോകത്തിലെ എല്ലാവർക്കും സുഖവും സമാധാനവും ആഗ്രഹ നിവൃത്തിയും ഉാവുന്ന അവസ്ഥയുമായി, നമ്മുടെ സുഖ-സമാധാന-ആഗ്രഹനിവൃത്തികൾ ബന്ധപ്പെട്ടിരിക്കുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. അതിനാൽ സുഖവും സമാധാനവും ആഗ്രഹ നിവൃത്തിയും ആഗ്രഹിക്കുന്ന നമ്മൾ, മറ്റുള്ളവർക്കും ഇതെല്ലാം ഉാവാൻ യത്നിക്കണം. നമ്മുടെ വെബ്ബ് സൈറ്റിലൂടെ ലോകത്തിലെ ആർക്കും അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ഐ.ആർ.എ റെയ്ക്കി ബോക്സിൽ സമർപ്പിക്കാവുന്നതാണ്. അവ നിറവേറുവാനായി ആഗ്രഹിച്ചുകൊ് നമ്മൾ ഐ. ആർ.എ റെയ്ക്കി ബോക്സിലേക്ക് ദിവസേന റെയ്ക്കി നൽകുന്നത്(ഒന്നോ രോ തവണയെങ്കിലും) നമ്മൾ നടത്തുന്ന "നരയജ്ഞ" മാണ്. ഇത് നമുക്ക് ഗുണകരമാവും.

ഐ.ആർ.എ റെയ്ക്കി ബോക്സിലൂടെ ആശ്വാസവും ആഗ്രഹ നിവൃത്തിയും നേടിയവർ സ്വന്തം നിലക്ക് ഏതെങ്കിലും തരത്തിൽ പ്രകൃതിയെ-സസ്യജാലങ്ങളും ജീവജാലങ്ങളും ചരാചരങ്ങളുമടങ്ങിയ പ്രകൃതിയെ-നിർബ്ബന്ധമായും സേവിച്ച് ഋണ(കടം)മോചനം നേടാൻ ബാദ്ധ്യസ്ഥരാണ്. അല്ലാതെ ഏകപക്ഷീയമായി സൗഖ്യവും ആഗ്രഹ നിവൃത്തിയും ഉാവണമെന്ന് ആരെങ്കിലും കരുതുന്നത് ഭോഷത്തമായിരിക്കും.

അതുപോലെ "ഹീലിങ് ഇന്ത്യ" യജ്ഞത്തിൽ പങ്കാളികളാകുന്നതും പുണ്യകരമാണ്. `അവരവരുടെ രാജ്യത്തിനും ഭൂഖണ്ഡത്തിനും ദിവസേന റെയ്ക്കി നൽകുക` എന്ന സന്ദേശമാണ് ലോകത്തിലെങ്ങുമുള്ള റെയ്ക്കി ഉപാസകരോട് ഇന്ത്യൻ റെയ്ക്കി അസോസിയേഷന് നൽകുവാനുള്ളത്. രാജ്യത്തിനും ഭൂഖണ്ഡത്തിനും നൽകുന്ന ഹീലിങ്ങ് ഭൂമിക്ക് നൽകുന്ന ഹീലിങ്ങ് കൂടിയാണ്. ഭൂമാതാവിന്റെ സുഖവും ക്ഷേമവുമാണ് നമ്മുടെയെല്ലാം സുഖ-ക്ഷേമങ്ങളായി പരിവർത്തിക്കപ്പെടുക.

പ്രകൃതിയുടെ സ്നേഹവും പരിലാളനവുമാണ് നമ്മെ നിലനിർത്തുന്നത്. സുഖമായി ജീവിക്കാനുള്ള നമ്മുടെ യത്നങ്ങൾ ജീവിതത്തെ പല ഊരാക്കുടുക്കുകളിലും പ്രതിസന്ധികളിലുമാണ് എത്തിച്ചുകൊിരിക്കുന്നതെന്നു മറന്നുകൂടാ. "എന്റെ ചെലവിലാണ് ഞാൻ ജീവിക്കുന്നത്" എന്ന് പറയാൻ ആർക്കും കഴിയില്ല. നാം ആവശ്യപ്പെടാതെയും തിരിച്ചറിയാതെ പോലും നമ്മെ സംരക്ഷിക്കുന്ന പ്രകൃതീദേവിയുടെ അനന്തശക്തിയെ നാം ആരാധിക്കുകതന്നെ വേണം. ആ ആരാധനയത്രേ "ഹീലിങ്ങ് ഇന്ത്യ" പരിപാടിയിൽ പങ്കാളിത്തം വഹിക്കൽ.

ദി സീക്രട്ട് - 6

# അലാഡിനും അത്ഭുതവിളക്കും

അലാഡിൻ വിളക്കെടുത്തു തുടച്ചാൽ പ്രത്യക്ഷമാവുന്ന ഭൂതം, അലാഡിൻ ആവശ്യപ്പെടുന്ന ആഗ്രഹങ്ങൾ സാധിപ്പിച്ചു കൊടുക്കുമെന്നാണ് കഥ.

അലാഡിൻ ആവശ്യമുന്നയിക്കുന്ന വ്യക്തിയാണ്. മുന്നിൽ പ്രത്യക്ഷമായ ഭൂതത്തോട് അയാൾ ആവശ്യം പറയുന്നു. 'ഭൂതം' എന്നാൽ ഭവിച്ചത് അഥവാ ഉണ്ടായത് എന്നർത്ഥം. ഉണ്ടയതെല്ലാം ചേർന്നാൽ ഈ പ്രപഞ്ചമായി. അലാഡിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നത് പ്രപഞ്ചമാണെന്നർത്ഥം. 'നിങ്ങളുടെ ആവശ്യം ഞാൻ സാധിപ്പിക്കാം' എന്ന് പ്രപഞ്ചമാകുന്ന ഭൂതം നമ്മോട് പറയുന്നു. ആകർഷണ നിയമമാണ് ഈ ഭൂതം. നമ്മുടെ ചിന്തയും പ്രവർത്തിയും ഭൂതം ജാഗരൂകമായി ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ നമുക്ക് ആവശ്യമുള്ളതു മാത്രമാണ് ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതെന്നുമാണ് ഭൂതം കരുതുന്നത്. നമ്മൾ പ്രപഞ്ചമാകുന്ന ഭൂതത്തിന്റെ യജമാനനും പ്രപഞ്ചം നമ്മുടെ സേവകനായ ഭൂതവുമാണെന്നോർക്കണം. ഭൂതം നമ്മുടെ ആജ്ഞകളെ ചോദ്യം ചെയ്യാതെ ഉടനടി സഫലീകരിക്കാൻ സംഭവങ്ങളും സാഹചര്യങ്ങളും പ്രപഞ്ചവിധാനങ്ങളും മാറ്റിമറിച്ചുകൊണ്ട് ശ്രമിച്ചു പോരുകയാണ്.

# 'തവളക്കല്ല്യാണം'

'തവളക്കല്ല്യാണം' മഴ പെയ്യിക്കുമോ? ഇക്കഴിഞ്ഞ വേനലിൽ ഇന്ത്യയുടെ പല ഭാഗങ്ങളിലെയും ഗ്രാമീണർ മഴക്കായി 'തവളക്കല്ല്യാണം' നടത്തിയതായി വാർത്തയുണ്ടായിരുന്നു. 'മേഘമൽഹാർ' രാഗം പാടി മഴ പെയ്യിച്ച ഗായകരെ കുറിച്ച് അഭിമാനപൂർവ്വം സംസാരിക്കുന്നവർ പോലും പാവപ്പെട്ട ഗ്രാമീണർ 'തവളക്കല്ല്യാണം' നടത്തിയതിനു നേരെ നെറ്റിചുളിക്കുകയാണ്.

തവളയെ സംസ്കൃതത്തിൽ 'മണ്ഡൂകം' എന്നാണ് പറയുക. 'നിരുക്ത'കാരൻ മേഘത്തെയും, മന്ത്രം ചൊല്ലാനറിയുന്ന ബ്രാഹ്മണനെയും വിളിക്കുന്നതും 'മണ്ഡൂകം' എന്നത്രെ. 'ജലത്തിൽ മുങ്ങി നിൽക്കുന്നതു കൊണ്ട് മേഘത്തെ മണ്ഡൂകം എന്നു വിളിക്കുന്നു' എന്നാണ് യാസ്ക മഹർഷി രചിച്ച 'നിരുക്ത'ത്തിൽ വിശദീകരിച്ചിരിക്കുന്നത്. വേദത്തിലെ വാക്കുകളുടെ അർത്ഥവും ആ അർത്ഥം വരുവാനുണ്ടായ കാരണവും വ്യക്തമാക്കുന്ന ഗ്രന്ഥമാണ് 'നിരുക്തം'.

'ദി സീക്രട്ടിൽ' പ്രതിപാദിക്കുന്ന ആകർഷണ സിദ്ധാന്തമാണ് 'തവളക്കല്ല്യാണം'നടത്തി മഴ പെയ്യിക്കാമെന്ന ഗ്രാമീണ വിശ്വാസത്തിന് തലമുറകൾ പിന്നിട്ട് നിലനിൽക്കാനുള്ള ദീർഘായുസ്സ് നൽകിയത് എന്നുവേണം കരുതുവാൻ. പുതുമഴയുടെ ഹർഷോന്മാദത്തിലാണ് തവളകൾ ഇണയെ ആകർഷിക്കാൻ ശബ്ദം മുഴക്കാറുള്ളത്. ആ ഹർഷ ഭാവം തവളകളിൽ കൃത്രിമമായി ഉദ്ദീപിപ്പിച്ച് മഴ പെയ്യിക്കലാണ് 'തവളക്കല്ല്യാണ'ത്തിനു പിന്നിലെ ഉദ്ദേശ്യം. വേനലിന്നിടയിൽ തവളക്ക് വെള്ളം അനുഭവിക്കാനായാൽ തവളയിൽനിന്ന് മഴയെത്തിയതിന്റെ സന്തോഷ ഭാവം പ്രസരിക്കും ആ പ്രസരണം സമാന തരംഗങ്ങളെ ആകർഷിച്ച് ശക്തമാവുന്ന മുറക്ക് പുതുമേഘങ്ങൾ മഴയുമായി എത്തുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. തവളക്കല്ല്യാണത്തിന് വെള്ളം ഒരു മുഖ്യ ഘടകമായിരിക്കാം. കല്ല്യണച്ചടങ്ങിലൂടെ ഉദ്ദേശിച്ച ഭാവസ്ഫുരണമുണ്ടാക്കാൻ കഴിയാഞ്ഞാൽ മഴയെത്തില്ലെന്നത് വേറെ കാര്യം.

## മാതൃക: ശ്രീകൃഷ്ണൻ

"മമതാരഹിതമായ ജീവിതശൈലിയാണ് സന്ന്യാസം..... എന്തുചെയ്യുന്നതും തനിക്കുവേിമാത്രം അല്ലാതാവലാണ് സന്ന്യാസം..... മനോഭാവത്തിന്റെ മാറ്റമാണത്...... ഈ നിലയിൽ സന്ന്യാസത്തിന്റെ മാതൃക..... സമചിത്തനായി വർത്തിച്ച ശ്രീകൃഷ്ണനാണെന്നു പറയേിവരും...... ഇന്ത്യൻ സന്ന്യാസത്തിനും ആദ്ധ്യത്മികതക്കും കാവിയുടുക്കാത്ത ശ്രീകൃഷ്ണനെ ആധാരമാക്കി ഒരു പൊളിച്ചെഴുത്ത് ആവശ്യമായിത്തീർന്നിരിക്കുന്നു.

(സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി-`പച്ചക്കുതിര`,ഒക്ടോബർ,2010)

# ബ്രഹ്മ പ്രാർത്ഥന

'എല്ലാം വ്യർത്ഥമായല്ലോ എന്ന് ഭൂമി വെള്ളത്തിൽ മുങ്ങിപ്പോയതുകണ്ട് ബ്രഹ്മാവ് സങ്കടപ്പെട്ടു. ഭൂമിയില്ലാതായാൽ എവിടെ സൃഷ്ടി നടത്തുമെന്ന് ആധിപൂണ്ട അദ്ദേഹം ഇങ്ങിനെ പ്രാർത്ഥിച്ചു : (ഭാഗവതം-3, 13, 18)

യസ്യാഹം ഹൃദയാദാസം
സ ഈശോ വിദധാതു മേ കർത്തവ്യം
കരുണാസിന്ധു സ്തീർത്ഥ കീർത്തി
രധോക്ഷജ

ആർതൻ ഹൃത്തിങ്കലുണ്ടായ് ഞാ-
നക്കൃപാ സിന്ധുവാം പരൻ
തോന്നിപ്പിക്കട്ടെ! കർത്തവ്യം
തീർത്ഥകീർത്തി, രധോക്ഷജൻ
(തിരുമുമ്പിന്റെ വിവർത്തനം)

എന്നെ സ്വന്തം ഹൃദയത്തിൽ നിന്നു ജനിപ്പിച്ച എന്റെ പിതാവും കരുണാനിധിയും പവിത്രകീർത്തിമാനും സർവ്വാന്തര്യാമിയുമായ ആ ഭഗവാൻതന്നെ ഞാൻ എന്തു ചെയ്യണമെന്ന് തോന്നിപ്പിക്കട്ടെ!

പ്രശ്നങ്ങളിലും പ്രതിസന്ധികളിലും രക്ഷാമാർഗ്ഗം കാണാതെ വലയുമ്പോൾ ഈ മനോഭാവമാണ് പുലർത്തേണ്ടത്.

**നാനോ കഥ**

# എന്തിനുവെറുതെ...

ഒരാളെക്കുറിച്ച് അപവാദങ്ങൾ പറയാൻ ഒരാൾ ബുദ്ധന്റെ അരികിലെത്തി. വിഷയം പറയാൻ ആരംഭിച്ച ഉടനെ ബുദ്ധൻ ചോദിച്ചു. താങ്കൾക്ക് നേരിട്ടറിയാവുന്ന കാര്യമാണോ പറയാൻ പോകുന്നത്? "അല്ല, പറഞ്ഞുകേട്ട കാര്യമാണ് അറിയിക്കാൻ വന്നത് എന്നായിരുന്നു സന്ദർശകന്റെ ഉത്തരം.

"അത് എന്നോട് പറഞ്ഞാൽ താങ്കൾക്കെന്തെങ്കിലും പ്രയോജനമുണ്ടാവുമോ" ബുദ്ധൻ ചോദിച്ചു.

"എനിക്ക് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ല.'-സന്ദർശകൻ പറഞ്ഞു.

"താങ്കൾ പറയുന്നതുകേട്ടാൽ എനിക്കെന്തെങ്കിലും പ്രയോജനമുണ്ടാകുമോ? - ബുദ്ധൻ മൂന്നാമതും ചോദിച്ചു.

"ഇല്ല"-സന്ദർശകൻ പറഞ്ഞു

"പിന്നെ എന്തിന് വെറുതെ...." ബുദ്ധൻ ഇത്രയും പറയുമ്പോഴേക്ക് സന്ദർശകൻ രംഗം വിട്ടിരുന്നു.

Printed & Published by Indian Raiki Association, 'Sobhanam', Mankavu, Kozhikode -7, Ph: 9895611907. For Private Circulation only